# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 587** — **02-12-2014 ലെ മറുപടിയ്ക്ക്**

## കാരുണ്യ ബനവലന്റ് ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. രാധാകൃഷ്ണൻ** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| **എ)** കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഏതെല്ലാം അസുഖങ്ങൾക്കു വേണ്ടിയാണ് ചികിത്സാ ധനസഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ; | **എ)** ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം നല്കി വരുന്നത്. |
| **ബി)** പ്രസ്തുത പദ്ധതിയിൽ നിന്നും ഇതേവരെ അനുവദിച്ച ചികിത്സാ സഹായത്തിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ; | **ബി)** വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| **സി)** മേജർ ശസ്ത്രക്രിയകൾക്കും ക്യാൻസർരോഗ ചികിത്സകൾക്കും അല്ലാതെ മറ്റെന്തെങ്കിലും രോഗങ്ങൾക്ക് ഈ പദ്ധതിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | **സി)** ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കും ധനസഹായം നൽകി വരുന്നു. ഹീമോഫീലിയ രോഗികൾക്ക് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖാന്തിരം ഫാക്ടർ മരുന്നുകൾ നൽകി വരുന്നു. ഓരോ ഹീമോഫീലിയ രോഗിക്കും പരമാവധി ചികിത്സാ ധനസഹായമായി 2 ലക്ഷം രൂപ |

അനുവദിച്ചുവരുന്നു. തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ 1 ലക്ഷം രൂപാ കൂടി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. ഇതുകൂടാതെ വൃക്ക രോഗികൾക്ക് ഡയാലിസിസിനായി ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

ഡി) അത്തരത്തിലുള്ള ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകുന്നതിനുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഡി) ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് അതാത് ജില്ലാ ഭാഗ്യക്കുറി ഓഫീസ് മുഖാന്തിരമാണ്. ഹീമോഫീലിയ രോഗത്തിന്റെ ചികിത്സയ്ക്കുള്ള അപേക്ഷകൾ ജില്ലാതലത്തിലും, ഹെഡ് ഓഫീസ് തലത്തിലും ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ടത് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ഹെഡ് ഓഫീസിലാണ്.

ഡയാലിസിസിനുള്ള അപേക്ഷകൾ ജില്ലാതലത്തിലും, ഹെഡ് ഓഫീസ് തലത്തിലും ലഭ്യമാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

587(സി)

# Karunya Benevolent Fund

## Details of Amount Sanctioned to Districts up to 15th State Level Committee

| SL No | District | No of Patients | Amt |
|---|---|---|---|
| 1 | TRIVANDRUM | 5461 | 666553312 |
| 2 | KOLLAM | 4140 | 467640264 |
| 3 | PATHANAMTHITTA | 2030 | 198518326 |
| 4 | ALAPPUZHA | 2780 | 314767598 |
| 5 | KOTTAYAM | 3488 | 376768307 |
| 6 | IDUKKI | 1545 | 169325056 |
| 7 | ERNAKULAM | 2820 | 280198696 |
| 8 | THRISSUR | 3055 | 280538338 |
| 9 | PALAKKAD | 3846 | 335790080 |
| 10 | MALAPPURAM | 4926 | 511571849 |
| 11 | KOZHIKKODE | 3187 | 364436984 |
| 12 | WAYNAD | 1122 | 123071533 |
| 13 | KANNUR | 7553 | 943583999 |
| 14 | KASARAGODE | 2100 | 239936521 |
| | | 48053 | 5272700863 |

സെക്ഷൻ ഓഫീസർ